പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നംപർ. 2829

02.04.2013ൽ
മറുപടിക്ക്

## പത്തനംതിട്ട ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ടിന്റെ വിനിയോഗം

ചോദ്യം
ശ്രീ.രാജു എബ്രഹാം :

ഉത്തരം
ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പു മന്ത്രി)

(എ) റിവർ മാനേജ്മെന്റ് ഫണ്ടുപയോഗപ്പെടുത്തി പത്തനംതിട്ട ജില്ലയിൽ കഴിഞ്ഞ 5 വർഷത്തിനിടെ നടപ്പാക്കിയതോ നടപ്പാക്കാൻ അനുമതി നൽകുകയോ ചെയ്ത പ്രവൃത്തികളുടെ വിശദാംശങ്ങൾ നദിയുടെ പേരും തുകയും സഹിതം ലഭ്യമാക്കുമോ ;

(എ) പത്തനംതിട്ട ജില്ലയിൽ കഴിഞ്ഞ 5 വർഷത്തിനിടെ 102 പ്രവൃത്തികൾ നടപ്പിലാക്കാൻ സർക്കാർ അനുമതി നൽകി. (വിശദാംശം അനുബന്ധം 1-ൽ കാണാവുന്നതാണ്).

(ബി) അവയിൽ പൂർത്തിയാക്കിയത്, നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നത്, നിർമ്മാണം ആരംഭിക്കാനിരിക്കുന്നത് എന്നിവ ഏതൊക്കെ എന്ന് വ്യക്തമാക്കുമോ ;

(ബി) പൂർത്തിയായത് - 75.
തുടരേണ്ടതില്ല എന്നുള്ള സർക്കാർ ഉത്തരവിൻപ്രകാരം നിർത്തി വച്ചിട്ടുള്ളത് - 22
ആരംഭിക്കാനിരിക്കുന്നത് - 05.
(അനുബന്ധം 1, 2, 3)

(സി) കഴിഞ്ഞ 5 വർഷത്തിനിടയിൽ പ്രസ്തുത നദികളിൽ ഓരോന്നിൽ നിന്നും ആർ.എം.എഫി ലേക്ക് ലഭിച്ച വിഹിതം വർഷം തിരിച്ച് വ്യക്തമാക്കുമോ ;

(സി)

| വർഷം | പമ്പാനദി | മണിമല | അച്ചൻകോവിൽ |
|---|---|---|---|
| 2007-08 | 35,23,060 | 11,95,500 | 95,47,258 |
| 2008-09 | 18,39,200 | 9,16,115 | 1,44,65,928 |
| 2009-10 | 16,88,500 | 7,95,326 | 94,66,157 |
| 2010-11 | 9,00,000 | 7,22,000 | 4,91,370 |
| 2011-12 | 7,84,500 | 1,59,000 | 1,50,000 |
| ആകെ | 87,35,260 | 25,92,441 | 3,41,20,723 |

(ഡി) ഇപ്പോൾ പമ്പാ നദിയുടെ തീരസം രക്ഷണത്തിനായി എത്ര പദ്ധതിക ളാണ് ആർ.എം.എഫ്.ഫണ്ട് ലഭി ക്കുന്നതിനായി സമർപ്പിച്ചിട്ടുള്ളത് ; പദ്ധതികളേതൊക്കെ എന്നറിയിക്കാ മോ ;

(ഡി) മൂന്ന് പദ്ധതികൾ ( വിശദാംശം അനുബന്ധം 4 -ൽ കാണാവുന്നതാണ്).

(ഇ ) പമ്പാ നദിയുടെ തീരസംരക്ഷണ ത്തിനായി പ്രസ്തുത പദ്ധതി കൾക്ക് അംഗീകാരം നൽകാൻ എന്തൊക്കെ നടപടി സ്വീകരിക്കാ നാണ് ഉദ്ദേശിക്കുന്നത് എന്നറിയി ക്കാമോ?

(ഇ ) സ്റ്റേറ്റ് ഹൈലെവൽ കമ്മിറ്റി രൂപീകരിക്കുന്നതി നുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. പ്രസ്തുത കമ്മിറ്റി രൂപീകരിച്ച ശേഷം ചേരുന്ന യോഗം ടി പദ്ധതികൾ പരിശോധിക്കുന്നതാണ്.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ